കൊല്ലം ജില്ലയിലെ ജനസമ്പർക്ക പരിപാടി

18 (4345) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ കൊട്ടാരക്കര താലൂക്കിൽ നിന്നും എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡ് ആക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) ആയതിൽ എത്ര അപേക്ഷകൾ ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റി നൽകി ; അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 416 അപേക്ഷകൾ ലഭിച്ചു. അതിൽ 89 അപേക്ഷകളിൽ ബി.പി.എൽ. കാർഡ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

സൂപ്പർന്യൂമററി തസ്തിക

19 (4346) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ സൂപ്പർന്യൂമറ്റി തസ്തികകൾ സൃഷ്ടിച്ച് രണ്ടായിരത്തോളം അംഗപരിമിതരെ സർക്കാർ ജോലിയിൽ പ്രവേശിപ്പിച്ചതിനുശേഷമുണ്ടായ സീനിയോറിറ്റി, പ്രൊമോഷൻ മറ്റ് സർവ്വീസ് സംബന്ധിച്ച പ്രശ്നങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) അംഗപരിമിതരായ പുതിയ ജീവനക്കാരുടെ സീനിയോറിറ്റിയും മറ്റ് ആനുകൂല്യങ്ങളും അടിയന്തരമായി പുനഃസ്ഥാപിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ-സി) സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ജോലിയിൽ പ്രവേശിപ്പിച്ച അംഗപരിമിതരുടെ സീനിയോറിറ്റി, പ്രൊമോഷൻ മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly